**കേരള സർക്കാർ**

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ് – കുളത്തൂപ്പുഴ ഗ്രാമപഞ്ചായത്ത് - രോഗബാധിതനായ പഞ്ചായത്ത് അംഗത്തിന് പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും ധനസഹായം നൽകുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(സാധാ.) നം.2344/2018/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി: 01/09/2018

---

പരാമർശം:- കുളത്തൂപ്പുഴ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 31/07/2018 ലെ കത്ത്.

**<u>ഉത്തരവ്</u>**

കുളത്തൂപ്പുഴ ഗ്രാമ പഞ്ചായത്ത് ചോഴിയക്കോട് വാർഡ് അംഗമായ ശ്രീ.ജെ പങ്കജാക്ഷൻ കരൾ സംബന്ധമായ രോഗത്തിന് ചികിത്സയിലാണെന്നും തികച്ചും നിർദ്ധനനായ ടിയാന്റെ ചികിത്സാ ചെലവിലേക്ക് ഗ്രാമ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും അനുവദനീയമായ പരമാവധി തുക അനുവദിച്ച് നൽകുന്നതിന് ആവശ്യമായ അനുമതി നൽകണമെന്ന് കുളത്തൂപ്പുഴ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അഭ്യർത്ഥിക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കുളത്തൂപ്പുഴ ഗ്രാമ പഞ്ചായത്തിലെ ചോഴിയക്കോട് വാർഡ് അംഗമായ ശ്രീ.ജെ പങ്കജാക്ഷന്റെ ചികിത്സാ ചെലവിലേയ്ക്ക് ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും 1,00,000/- (ഒരു ലക്ഷം) രൂപ ധനസഹായം നൽകുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)
ബീനാമോൾ കെ.ജെ,
ഡെപ്യൂട്ടി സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം
പ്രസിഡന്റ്/സെക്രട്ടറി, കുളത്തൂപ്പുഴ ഗ്രാമപഞ്ചായത്ത്, കൊല്ലം.
ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എൽ.ബി.എ & എ), കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ & ചെയർമാൻ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (തദ്ദേശ സ്വയംഭരണ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.